

കവിത

●

വി. ശഫ്ന മർയം

# സ്ത്രൈണം

അകത്തിരുട്ടാണെങ്കിലും
കാണാം
അടുക്കളച്ചുമരിന്റെ വേലി
കരിയടുപ്പിന്റെ ചൂള
അതിൽ ജീവിതം
കരിഞ്ഞിനിയും
തീരാത്ത അപ്പം

പുറം വെളിച്ചത്തിൽ
ഉയർന്നുകാണാം
നേരമില്ലായ്കയുടെ വേലി
പടിക്കപ്പുറം ജീവിതം
തിരിഞ്ഞൊരിക്കലും
തീരാത്ത ചക്രം

അകത്തിരുന്ന്
ഇരുട്ടു കേറിക്കേറി
കണ്ണടഞ്ഞുപോകും മുമ്പ്
പുറം വെളിച്ചം
ഇരച്ചു വന്നെന്റെ
കണ്ണടച്ചു പൂട്ടും മുമ്പ്
പുറത്തു നിന്നിത്തിരി
പ്രകാശം കടക്കാൻ
പടിവാതിലൽപം
തുറന്നു വെക്കട്ടെ

പുറത്തെ
കടും വെളിച്ചമെല്ലാം
കടന്നു കേറാതിരിക്കാൻ
കിളിവാതിലെല്ലാം
അടഞ്ഞിരിക്കട്ടെ

അകത്ത്
ഉള്ളെരിഞ്ഞു കത്തി
തെളിച്ചം പടർത്തുമൊരു
തിരിയായി
ഞാനും ഉയർന്നു പൊങ്ങട്ടെ

എന്നിൽ നിന്നു
പടരുന്നതെങ്കിലും
എന്റെ മാത്രമല്ലാത്ത
ഈ തിരിവെളിച്ചത്തെ
പടർന്നു നൽകാൻ ഞാനും
ഇനി
പടിയിറങ്ങട്ടെ.

●